REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 13-12-2025** **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- **കേരളത്തിലെ തദ്ദേശസ്ഥാപനങ്ങൾ ആരൊക്കെ ഭരിക്കുമെന്ന് ഇന്നറിയാം. വോട്ടെണ്ണൽ രാവിലെ എട്ടിന് 244 കേന്ദ്രങ്ങളിൽ തുടങ്ങും. എട്ടരയോടെ ഫലസൂചനകൾ ലഭ്യമാകും.**
- **തിരഞ്ഞെടുപ്പ് വിജയാഹ്ളാദ പ്രകടനങ്ങളിൽ സ്ഥാനാർത്ഥികളും രാഷ്ട്രീയ പാർട്ടികളും മിതത്വം പാലിക്കണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശം.**
- **കേരളമടക്കം തീവ്ര വോട്ടർപട്ടിക പരിഷ്ക്കരണം പുരോഗമിക്കുന്ന എട്ട് സംസ്ഥാനങ്ങളിൽ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ സ്പെഷ്യൽ റോൾ ഒബ്സർവർ-മാരെ നിയമിച്ചു.**
- **30-ാമത് രാജ്യാന്തര ചലച്ചിത്ര മേളയ്ക്ക് തിരുവനന്തപുരത്ത് പ്രൗഢോജ്ജ്വല തുടക്കം-72 ചിത്രങ്ങൾ ഇന്ന് പ്രദർശനത്തിന്.**
- **സൂപ്പർലീഗ് കേരള ഫുട്ബോൾ രണ്ടാം സീസൺ സെമിഫൈനൽ മത്സരങ്ങൾ നാളെ തുടങ്ങും.**

## വാർത്തകൾ വിശദമായി

**കേരളത്തിലെ തദ്ദേശസ്ഥാപനങ്ങൾ ആരൊക്കെ ഭരിക്കുമെന്ന് ഇന്നറിയാം. രണ്ടു ഘട്ടങ്ങളായി പൂർത്തിയായ തദ്ദേശ തിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ രാവിലെ എട്ടിന് ആരംഭിക്കും. 244 കേന്ദ്രങ്ങളിലാണ് വോട്ടെണ്ണൽ.**

**തിരുവനന്തപുരത്ത് നിന്ന് സ്മിതി M പള്ളുരുത്തി.**

**....(വോയ്സ്).....**

**എട്ടു മണിയോടെ തപാൽ വോട്ടുകളുടെ എണ്ണലായിരിക്കും ആദ്യം ആരംഭിക്കുക. വരണാധികാരികളുടെ മേശപ്പുറത്ത് ഇവയുടെ എണ്ണൽ പൂർത്തിയാക്കിയ ശേഷം ഇലക്ട്രോണിക് വോട്ടിങ് യന്ത്രങ്ങളിലെ വോട്ടെണ്ണൽ ആരംഭിക്കും. വാർഡുകളുടെ ക്രമ നമ്പർ പ്രകാരമായിരിക്കും വോട്ടിങ് മിഷ്യനുകൾ ഓരോ കൗണ്ടിങ് ടേബിളിലും വെക്കുകയെന്നു സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷൻ വ്യക്തമാക്കിയിട്ടുണ്ട്.**

**വോട്ടെണ്ണുന്ന ഉദ്യോഗസ്ഥർ, തെരഞ്ഞെടുപ്പു കമ്മീഷൻ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർ, സ്ഥാനാർത്ഥികൾ, ഇല്ക്ഷൻ ഏജന്റുമാർ, കൗണ്ടിങ് ഏജന്റുമാർ എന്നിവർക്കു മാത്രമായ.ിരിക്കും വോട്ടെണ്ണൽ കേന്ദ്രങ്ങളിൽ പ്രവേശനമെന്നും കമ്മീഷൻ വ്യക്തമാക്കി.**

**✪✪✪**

**തദ്ദേശ പൊതു തിരഞ്ഞെടുപ്പിൽ ഏറ്റവുമധികം വോട്ടർമാർ സമ്മതിദാനം രേഖപ്പെടുത്തിയത് ഇത്തവണയാണ്.**

**ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.**

**...(വോയ്സ്)...**

**രണ്ട് കോടി പത്ത് ലക്ഷത്തി 79,609 പേരാണ് വോട്ട് ചെയ്തത് - മുൻ തിരഞ്ഞെടുപ്പിനേക്കാൾ 73,866 പേർ കൂടുതൽ. 2020 ലെ വോട്ടർമാരുടെ എണ്ണത്തേക്കാൾ പത്ത് ലക്ഷത്തോളം കൂടുതൽ സമ്മതിദായകർ വോട്ടർപട്ടികയിൽ ഉണ്ടായിരുന്നു.**

**രണ്ട് ഘട്ടങ്ങളിലെയും ശരാശരി പോളിംഗ് 73.69 ശതമാനമാണ്. ഡിസംബർ ഒൻപതിന്റെ ആദ്യഘട്ടത്തിൽ 70.91 ശതമാനവും, 11 ലെ രണ്ടാം ഘട്ടത്തിൽ 76.08 ശതമാനവും പേർ വോട്ടു ചെയ്തു. തെക്കൻ ജില്ലകളെ അപേക്ഷിച്ച് വടക്കൻ ജില്ലകളിലാണ് പോളിംഗ് ശതമാനം കൂടിയത്. വയനാട്ടിലാണ് ഉയർന്ന പോളിംഗ് ഉണ്ടായത്- 78.29. കുറവ് തൃശൂരിൽ-72.48.**

**കോർപറേഷനുകളിൽ കണ്ണൂരിൽ 70.33 ശതമാനം പോളിംഗ് ഉണ്ടായി. കോഴിക്കോട്ട് 69.55, തൃശൂരിൽ 62.45, കൊച്ചിയിൽ 62.44, കൊല്ലത്ത് 63.35, തിരുവനന്തപുരത്ത് 58.29 എന്നിങ്ങനെയാണ് പോളിംഗ് ശതമാനം.**

**✪✪✪**

**കണ്ണൂരിലെ  വോട്ടെണ്ണൽ വിശേഷങ്ങളുമായി KO  ശശിധരൻ.**

**................(വോയ്സ്)................**

✪✪✪

**മലപ്പുറത്തെ വോട്ടെണ്ണലിന്റെ ഒരുക്കങ്ങൾ വിശദീകരിക്കുന്നു M സുരേഷ് ബാബു.**

**.............(വോയ്സ്)..........**

✪✪✪

**തിരഞ്ഞെടുപ്പ് വിജയാഹ്ളാദ പ്രകടനങ്ങളിൽ സ്ഥാനാർത്ഥികളും രാഷ്ട്രീയ പാർട്ടികളും മിതത്വം പാലിക്കണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശിച്ചു.  തിരഞ്ഞെടുപ്പ് മാതൃകാ പെരുമാറ്റച്ചട്ടം ഡിസംബർ 18 വരെ  നിലവിലുണ്ടെന്ന് കമ്മീഷൻ ഓർമ്മിപ്പിച്ചു. പൊതുനിരത്തുകളിലും കവലകളിലും ഗതാഗത തടസ്സമുണ്ടാക്കാനോ, ശല്യം ചെയ്യുന്ന തരത്തിൽ  ഉച്ചഭാഷിണികൾ ഉപയോഗിക്കാനോ പാടില്ല. പടക്കങ്ങൾ നിയമാനുസൃതമായി മാത്രമേ ഉപയോഗിക്കാവൂ. ഹരിതച്ചട്ടവും, ശബ്ദനിയന്ത്രണ, പരിസ്ഥിതി നിയമങ്ങളും ആഹ്ളാദപ്രകടനങ്ങളിൽ കർശനമായി പാലിക്കണമെന്നും  കമ്മീഷൻ ആവശ്യപ്പെട്ടു.**

**തിരഞ്ഞെടുപ്പ്  കമ്മീഷന്റെ 'ട്രെൻഡ്' വെബ്സൈറ്റിൽ നിന്ന് ലീഡ് നിലയും, ഫലങ്ങളും തത്സമയം ലഭ്യമാണ്. ആദ്യഫലം രാവിലെ എട്ടരയോടെയും, പൂർണമായ ഫലം ഉച്ചയോടെയും ലഭ്യമാകും.**

✪✪✪

**കേരളമടക്കം തീവ്ര വോട്ടർപട്ടിക പരിഷ്ക്കരണം പുരോഗമിക്കുന്ന എട്ട് സംസ്ഥാനങ്ങളിൽ നിരീക്ഷിക്കാൻ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ സ്പെഷ്യൽ റോൾ ഒബ്സർവർ- മാരെ നിയമിച്ചു.  ആഴ്ചയിൽ രണ്ടു ദിവസം നിരീക്ഷകർ സംസ്ഥാനങ്ങളിൽ ഉണ്ടായിരിക്കും. അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിക്കുന്നതു വരെ ഇവരുടെ സാന്നിധ്യം സംസ്ഥാനങ്ങളിൽ തുടരും. സുഗമവും സുതാര്യവുമായി വോട്ടർ പട്ടിക പുതുക്കൽ നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനാണ് നടപടി. രാഷ്ട്രീയ പാർട്ടികളുമായി സംസ്ഥാന- ജില്ലാ തലങ്ങളിൽ അവരുടെ ആശങ്ക**

പരിഹരിക്കാനും, കാഴ്ചപ്പാടുകൾ സ്വീകരിക്കാനും നിരീക്ഷകർ ചർച്ച നടത്തും.

✪✪✪

സംസ്ഥാനത്ത് ഇന്നലെ വൈകിട്ട് ആറ് വരെ ഡിജിറ്റൈസ് ചെയ്ത എന്യൂമറേഷൻ ഫോമുകളുടെ എണ്ണം രണ്ട് കോടി 76 ലക്ഷത്തി 86,445 കവിഞ്ഞെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ U കേൽക്കർ അറിയിച്ചു. വിതരണം ചെയ്ത ഫോമുകളുടെ 99.41 ശതമാനമാണിത്.

വോട്ടർമാരെ കണ്ടെത്താൻ കഴിയാത്ത ഫോമുകളുടെ എണ്ണം 24 ലക്ഷത്തി 54,000 ത്തോട് അടുത്തെന്നും അദ്ദേഹം പറഞ്ഞു. ഫോമുകൾ മടക്കി നൽകാത്തവർ എത്രയും വേഗം അവ പൂരിപ്പിച്ച് BLO മാരെ ഏല്പിക്കണമെന്നും ഡോ കേൽക്കർ അഭ്യർത്ഥിച്ചു.

✪✪✪

പാർലമെന്റ് ഭീകരാക്രമണത്തിന്റെ 24-ാം വാർഷിക ദിനത്തിൽ ഇന്ന് ഉപരാഷ്ട്രപതിയും, പ്രധാനമന്ത്രിയും, ലോക്സഭാ സ്പീക്കറും, കേന്ദ്രമന്ത്രിമാരും, പാർലമെന്റ് അംഗങ്ങളും രക്തസാക്ഷികൾക്ക് പ്രണാമമർപ്പിക്കും. 2001 ഡിസംബർ 13 നാണ് ഇന്ത്യയെ ഞെട്ടിച്ച പാർലമെന്റ് ആക്രമണമുണ്ടായത്. പാർലമെന്റ് വളപ്പിലെ രക്തസാക്ഷി സ്മാരകത്തിൽ പ്രമുഖർ പുഷ്പങ്ങൾ അർപ്പിക്കും. ജെയ്ഷെ മുഹമ്മദ് ഭീകരരുടെ ആക്രമണത്തിൽ ആറ് സുരക്ഷാസേനാംഗങ്ങൾക്കും, പൂന്തോട്ടജീവനക്കാരനുമാണ് ജീവൻ നഷ്ടമായത്.

✪✪✪

കേന്ദ്രമന്ത്രിസഭാ യോഗം കൊപ്രയുടെ താങ്ങുവില വർദ്ധിപ്പിക്കാനെടുത്ത തീരുമാനവും 'കോൾ സേതു' നയത്തിന്റെ അംഗീകാരവും ഇന്ത്യയുടെ വളർച്ചാനിരക്ക് വർദ്ധിപ്പിക്കുന്ന നടപടിയാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി വിലയിരുത്തി. നാളികേര കൃഷിക്കാരുടെ വരുമാനം വർദ്ധിപ്പിക്കാനും, കൊപ്രാ ഉത്പാദനം കൂട്ടാനും, താങ്ങുവില വർദ്ധിപ്പിച്ച നടപടി ഏറെ സഹായകമാകുമെന്ന് അദ്ദേഹം സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി മറ്റന്നാൾ ജോർദാനും - എത്യോപ്യയും സന്ദർശിക്കും.ജോർദാൻ രാജാവ് അബ്ദുല്ല രണ്ടാമൻ ബിൻ അൽഹുസൈന്റെ ക്ഷണപ്രകാരമാണ് രണ്ടുദിവസത്തെ ജോർദാൻ

സന്ദർശനമെന്ന് വിദേശകാര്യ മന്ത്രാലയ സെക്രട്ടറി ഡോക്ടർ നീന മൽഹോത്ര പറഞ്ഞു. ഇരു രാജ്യങ്ങളും തമ്മിൽ നയതന്ത്രബന്ധം സ്ഥാപിച്ചതിന്റെ 75 ആം വാർഷികത്തോടനുബന്ധിച്ചാണ് പ്രധാനമന്ത്രിയുടെ സന്ദർശനം. പര്യടനത്തിന്റെ രണ്ടാം ഘട്ടത്തിൽ ചൊവ്വ,ബുധൻ ദിവസങ്ങളിലാണ് എത്യോപ്യൻ സന്ദർശനം.

✪✪✪

കേരളത്തിന്റെ മുപ്പതാമത് രാജ്യാന്തര ചലച്ചിത്ര മേളയ്ക്ക് തിരുവനന്തപുരത്ത് പ്രൗഢോജ്ജ്വല തുടക്കമായി. മേളയുടെ ഉദ്ഘാടന വേദിയായ നിശാഗന്ധിയിൽ മുപ്പത് ദീപങ്ങൾ തെളിയിച്ച് മന്ത്രി സജി ചെറിയാൻ മേള ഉദ്ഘാടനം ചെയ്തു. കേരളത്തിന്റെ കലാ സാംസ്കാരിക രംഗത്തെ മികവുറ്റതാക്കാൻ ചലച്ചിത്രമേളയ്ക്ക് കഴിഞ്ഞിട്ടുണ്ടെന്ന് സജി ചെറിയാൻ പറഞ്ഞു.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)....

ചലച്ചിത്ര അക്കാദമി വൈസ് ചെയർ പേഴ്സൺ കുക്കു പരമേശ്വരൻ അധ്യക്ഷയായ ചടങ്ങിൽ ചിലിയൻ സംവിധായകൻ പാബ്ലോ ലോറൈൻ മുഖ്യാതിഥിയായിരുന്നു.

ചടങ്ങിൽ സ്പിരിറ്റ് ഓഫ് സിനിമ അവാർഡ് ജേതാവായ കനേഡിയൻ സംവിധായിക കെല്ലി ഫൈഫ് മാർഷലിന് മന്ത്രി പുരസ്കാരം സമ്മാനിച്ചു.ചലച്ചിത്ര മേഖലയിലെ അമ്പതു വർഷത്തെ സംഭാവനയ്ക്ക് പ്രമുഖ സംവിധായകൻ R രാജീവ്നാഥിനെയും ചടങ്ങിൽ മന്ത്രി ആദരിച്ചു. ഉദ്ഘാടന ചടങ്ങിന് ശേഷം ആൻമേരി ജാസിർ സംവിധാനം ചെയ്ത പലസ്തീൻ 36 എന്ന സിതാറാം നിശാഗന്ധിയിൽ പ്രദർശിപ്പിച്ചു. മേളയിൽ പ്രദർശനങ്ങൾ ഇന്നലെ രാവിലെ തുടങ്ങിയിരുന്നു.

മേളയുടെ രണ്ടാം ദിനമായ ഇന്ന് 72 ചിത്രങ്ങൾ പ്രദർശിപ്പിക്കും.ഹോമേജ് വിഭാഗത്തിൽ MT വാസുദേവൻ നായരുടെ നിർമ്മല്യവും ഇറ്റാലിയൻ സംവിധായകൻ ഫെഡറിയ്ക്കോ ഫെല്ലിനിയുടെ ഓസ്ക്കാർ ചിത്രം- 8 ആൻഡ് ഹാഫ്, സ്വീഡിഷ് സംവിധായകൻ താരിഖ് സലേഖിന്റെ ഈഗിൾ ഓഫ് ദി റിപ്പബ്ലിക്ക് എന്നിവ പ്രദർശിപ്പിക്കും. അന്താരാഷ്ട്ര മത്സര വിഭാഗത്തിൽ, ഫുൾ പ്ളേറ്റ്, ബ്ലാക് റാബിറ്റ്സ് വൈറ്റ് റാബിറ്റ്സ്, ഇഫ് ഓൺ എ വിന്റേഴ്സ് നൈറ്റ് , ദി ഹീഡ്രേ, ബിഫോർ ദി ബോഡി എന്നീ ചിത്രങ്ങളും പ്രദർശിപ്പിക്കും.

✪✪✪

സൂപ്പർലീഗ് കേരള ഫുട്ബോൾ രണ്ടാം സീസൺ സെമിഫൈനൽ മത്സരങ്ങൾ നാളെ തുടങ്ങും. നിലവിൽ ചാമ്പ്യൻമാരായ കലിക്കറ്റ് FC യും, കണ്ണൂർ വാരിയേഴ്സും ആദ്യസെമിയിൽ കോഴിക്കോട്ട് ഏറ്റുമുട്ടും. വൈകിട്ട് ഏഴരയ്ക്ക് EMS സ്റ്റേഡിയത്തിലാണ് മത്സരം.

രണ്ടാം സെമിയിൽ മറ്റന്നാൾ മലപ്പുറം FC, തൃശൂർ മാജിക് FC യെ നേരിടും. തൃശൂർ കോർപറേഷൻ സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

ഇന്നലെ അന്തരിച്ച മുൻ ലോക്സഭാ സ്പീക്കറും മുതിർന്ന കോൺഗ്രസ്സ് നേതാവും കേന്ദ്രമന്ത്രിയുമായിരുന്ന ശിവരാജ് പാട്ടീലിന്റെ ഭൗതികശരീരം ഇന്ന് മുംബൈയിൽ സംസ്കരിക്കും. അദ്ദേഹത്തിന്റെ നിര്യാണത്തിൽ നിയമസഭാ സ്പീക്കർ A.N ഷംസീർ അനുശോചനമറിയിച്ചു.

✪✪✪

ഇടുക്കി മലയോര ഹൈവേയിൽ വെള്ളിലാംകണ്ടം പെരിയോൻകവലയ്ക്ക് സമീപം ഇന്നലെ രാത്രി ബൈക്കുകൾ കൂട്ടിയിടിച്ച് ഒരാൾ മരിച്ചു. മൂന്ന് പേർക്ക് പരിക്കേറ്റു. ബൈക്ക് യാത്രികൻ കോഴിമല കണ്ടത്തിൽ ജിൻസൺ ദാസ് ആണ് മരിച്ചത്. ഒപ്പമുണ്ടായിരുന്ന സഹോദരൻ ജയ്സൺ ദാസ്, ഏലപ്പാറ സ്വദേശികളായ നിഖിൽ, വിഷ്ണുപ്രിയ എന്നിവർക്കാണ് പരിക്കേറ്റത്.

✪✪✪

കൊല്ലം കിഴക്കേ കല്ലടയിൽ ആന വിരണ്ടോടി രണ്ട് വാഹനങ്ങൾ തകർത്തു. രക്ഷപ്പെടാൻ റോഡിൽ നിന്ന് വശങ്ങളിലേക്ക് ചാടിയ ചിലർക്ക് നിസ്സാര പരിക്കേറ്റു.

✪✪✪

---

*News Editor: വി കെ സുരേഷ് , News Reader: അനിൽ ചന്ദ്രൻ, NRTs : സിയാബ് ടി പി, DEO : ഷീബ*